# പ്ലാസ്റ്റിക്കിനെതിരേ എറണാകുളത്തെ 'പച്ച' ക്യാമ്പെയ്ൻ

നമുക്ക് ചുറ്റുമുള്ള പ്രകൃതിയെ വരും തലമുറയ്ക്ക് വേണ്ടി കാക്കേണ്ടത് ഓരോരുത്തരുടെയും ചുമതലയാണ്. മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ കൊണ്ട് പ്രകൃതിക്ക് സംഭവിക്കുന്ന നാശം ഏറെ വലുതാണ്. ഓരോ മണിക്കൂറിലും നമ്മുടെ പരിസ്ഥിതിക്ക് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പരിസ്ഥിതിയെ നാശത്തിൽ നിന്ന് നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാന വില്ലനാണ് പ്ലാസ്റ്റിക്. ഭൂമിയിൽ മാലിന്യങ്ങൾ കുമിഞ്ഞ് കൂടുന്നു. ഒരു തവണ ഉപയോഗിക്കുക, അതിന് ശേഷം വലിച്ചെറിയുക- ഈ തത്വം പിന്തുടരുന്ന മനുഷ്യർ ഇങ്ങനെ ഉപേക്ഷിക്കുന്ന മാലിന്യങ്ങളിൽ ഏറ്റവും പ്രധാനമാണ് പ്ലാസ്റ്റിക്. മലിന വസ്തുക്കളിൽ ഏറ്റവും അപകടകാരിയും പ്ലാസ്റ്റിക് തന്നെ.

കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ പ്ലാസ്റ്റിക്കിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. ഭൂമിയെ നശിപ്പിക്കുന്ന മാലിന്യം എന്നത് കൂടാതെ പ്ലാസ്റ്റിക്കിന്റെ നിർമ്മാണ സമയത്തും സംസ്ക്കരണ സമയത്തും വിഷാംശം പുറത്തുവിടുന്നുണ്ടെന്നത് മറ്റൊരു വെല്ലുവിളി കൂടെയാണ്. സാധാരണ മാലിന്യങ്ങൾ പോലെ പ്ലാസ്റ്റിക്ക് മണ്ണിലലിഞ്ഞ് ചേരാൻ ഏറെ കാലതാമസമെടുക്കും. ഒരിക്കലും നശിക്കില്ലെന്ന പ്രത്യേകതയുള്ള ഓർഗാനോ ക്ലോറിനൽ എന്ന വിഭാഗത്തിലാണ് പ്ലാസ്റ്റിക്കിന്റെ സ്ഥാനം. 4000 മുതൽ 5000 വർഷങ്ങൾ വരെയാണ് പ്ലാസ്റ്റിക്കിന്റെ ചുരുങ്ങിയ ആയുസ്സ്. പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി അവ കത്തിക്കുമ്പോൾ വിഷാംശം പുറത്തുവിടുന്നു. ഈ വിഷാംശം ഉള്ളിലെത്തുമ്പോൾ ക്യാൻസർ ഉൾപ്പെടെയുള്ള മാരക അസുഖങ്ങളും ബാധിക്കുന്നു. അന്തരീക്ഷം, മണ്ണ്, ജലം എന്നിവയെ മലിനമാക്കുന്നതിനൊപ്പം തന്നെ മനുഷ്യന്റെ ആയുസ്സിന് തന്നെ വെല്ലുവിളിയാണ് പ്ലാസ്റ്റിക്.

ഈ വെല്ലുവിളിക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ 2020 ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തിയത്.

**ഉത്തരവിലെ പ്രസക്ത പരാമർശങ്ങൾ**

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് ഉപഭോഗം വിശിഷ്യ ഒറ്റത്തവണ ഉപയോഗത്തിന് ശേഷം പുനഃചക്രമണം പോലും അസാധ്യമാക്കി തോടുകളിലും ചാലുകളിലും പുഴകളിലും വഴിവക്കുകളിലും മറ്റ് സ്ഥലങ്ങളിലുമായി അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, സ്ട്രോകൾ, പ്ലാസ്റ്റിക് പേപ്പറുകൾ, ഭക്ഷണം പൊതിഞ്ഞ് നൽകുന്ന ഷീറ്റുകൾ, കപ്പുകൾ, പ്ലേറ്റുകൾ തുടങ്ങിയ ഒരു വലിയ പാരിസ്ഥിതിക, ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ഈ ഭീഷണിയുടെ നിഴലിൽ രാജ്യത്തെ പല സംസ്ഥാനങ്ങളും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിരോധനം ഏർപ്പെടുത്തുകയും കൂടാതെ കേന്ദ്ര സർക്കാരും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് അറിയിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഇതേക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയും ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി 1 മുതൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തുന്നു. വ്യക്തികളോ കമ്പനികളോ സ്ഥാപനങ്ങളോ വ്യവസായശാലകളോ ഈ വസ്തുക്കൾ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യരുത്.

**നിരോധിച്ച പ്ലാസ്റ്റിക് വസ്തുക്കൾ**

1. പ്ലാസ്റ്റിക് ക്യാരി ബാഗ് (കനം നോക്കാതെ)
2. പ്ലാസ്റ്റിക് ഷീറ്റ്സ് (ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്നത്), ക്ലിംഗ് ഫിലിം
3. പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ
4. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിക്കർ
5. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ
6. നെയ്തെടുക്കാത്ത ബാഗുകൾ, പ്ലാസ്റ്റിക് പതാകകൾ, പ്ലാസ്റ്റിക് ബണ്ടിങ്
7. പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ
8. 300 മില്ലി ലിറ്ററിന് താഴെ ഉൾക്കൊള്ളുന്ന PET/PETE കുപ്പികൾ
9. ഗ്യാർബേജ് ബാഗ്
10. പിവിസി ഫ്ളക്സ് മെറ്റീരിയലുകൾ
11. പ്ലാസ്റ്റിക് പാക്കറ്റുകൾ

നിരോധനം ലംഘിക്കുന്നവർക്ക് നിശ്ചിത തുക പിഴ ഈടാക്കുന്നതായും ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കുന്നു.

## പ്ലാസ്റ്റിക്കിനെതിരേ പച്ച

സംസ്ഥാനത്ത് ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് ഏർപ്പെടുത്തുന്ന വിലക്ക് നിലവിൽ വരുന്ന സാഹചര്യത്തിലാണ് എറണാകുളം ജില്ലാ മിഷൻ പച്ച ക്യാമ്പെയ്ന് തുടക്കമിട്ടത്.

**ആശയത്തിലേക്കെത്തിയ വഴി**

എറണാകുളം ജില്ലാ മിഷൻ മുഖേന നടപ്പാക്കുന്ന സ്നേഹിത കോളിങ് ബെൽ എന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ മിഷൻ ക്ഷണിച്ചത് അനുസരിച്ച് എറണാകുളം ജില്ലാ കളക്ടർ എസ്. സുഹാസ് ഭവനസന്ദർശനത്തിനായി എത്തി. 2019 നവംബർ മാസം 16ാം തിയതിയായിരുന്നു ഇത്. സന്തോഷസൂചകമായി പ്രകൃതി സൗഹാർദ്ദമായ എന്തെങ്കിലും വസ്തുക്കൾ കളക്ടർക്ക് സ്നേഹോപഹാരമായി നൽകാൻ തീരുമാനിച്ചു. അപ്പോഴാണ് ശ്രീമൂലനഗരത്തുള്ള തുണിസഞ്ചി നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റിനെക്കുറിച്ച് ചിന്ത വരുന്നതും കളക്ടർക്ക് അത്തരം ഉത്പന്നങ്ങൾ നൽകുന്നതും. അപ്പോഴാണ് ജനുവരി ഒന്നിന് മുതൽ പ്ലാസ്റ്റിക് നിരോധനം വരുമ്പോൾ അതിന് ബദലായി കുടുംബശ്രീ മുഖേന ഉത്പന്നങ്ങൾ നിർമ്മിച്ച് നൽകി കൂടാ എന്ന ചിന്തയുണ്ടാകുന്നത്. അതിൽ നിന്നാണ് ജില്ലാ ഭരണകൂടവുമായി സഹകരിച്ച് പച്ച എന്ന പേരിൽ ഒരു ക്യാമ്പെയ്ൻ കുടുംബശ്രീ ആരംഭിക്കുന്നത്.

**പ്രവർത്തനങ്ങൾ**

ആദ്യഘട്ടമായി 2019 നവംബർ മാസം അവസാനം ബ്ലോക്ക് കോർഡിനേറ്റർ വഴി ഓരോ സിഡിഎസുകളിലും തുണിസഞ്ചികൾ തയ്ക്കാൻ കഴിയുന്ന കുടുംബശ്രീയുടെ ടെയ്ലറിങ് യൂണിറ്റുകളുടെ കണക്കെടുത്തു. അവരുടെ യോഗം വിളിച്ചു കൂട്ടുകയും അതിൽ തുണിസഞ്ചികൾ തയ്ക്കാൻ തയാറാകുന്നവരുടെ പട്ടിക തയാറാക്കുകയും ചെയ്തു. 206 യൂണിറ്റുകൾ തുണിസഞ്ചി നിർമ്മാണത്തിനായി മുന്നോട്ടു വന്നു.

3 രൂപ മുതൽ 50 രൂപവരെ വിലയുള്ള തുണിസഞ്ചികൾ തയാറാക്കണമെന്ന നിർദ്ദേശമാണ് ഇവർക്ക് നൽകിയത്. പല വിലയിലും ഗുണനിലവാരത്തിലുമുള്ള തുണിസ

ഞ്ചികളും മറ്റ് പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളും തയാറാക്കാനും ഈ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകി.

പ്ലാസ്റ്റിക് നിരോധനം നിലവിൽ വരുന്ന സാഹചര്യത്തിൽ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ, പഞ്ചായത്ത് സെക്രട്ടറിമാർ, ശുചിത്വ കേരള മിഷൻ, ഹരിത കേരളം മിഷൻ, മർച്ചന്റ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരുടെ മീറ്റിങ് 2019 ഡിസംബർ 27ന് വിളിച്ചു ചേർത്തു. അന്ന് തന്നെ കളക്ടറേറ്റ് വളപ്പിൽ ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ തയാറാക്കിയ തുണിസഞ്ചികളുടെയും മറ്റ് പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങളുടെയും പ്രദർശനവും സംഘടിപ്പിച്ചു. ബ്ലോക്ക് തിരിച്ചായിരുന്നു പ്രദർശനം. 14 ബ്ലോക്കുകളിൽ നിന്നുമുള്ള 106 യൂണിറ്റുകൾ പ്രദർശന വിപണന മേളയിൽ പങ്കെടുത്തു. പല വില നിലവാരത്തിലുള്ള തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിവയെല്ലാം മേളയിലുണ്ടായിരുന്നു. വ്യാപാരി വ്യവസായ സംഘടനാ ഭാരവാഹികൾക്കെല്ലാം തുണിസഞ്ചികൾ നിർമ്മിക്കുന്ന യൂണിറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ഇത് മൂലം കഴിഞ്ഞു.

ഒരാഴ്ചയ്ക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സിഡിഎസുകളുടെ സഹകരണത്തോടെ ഇതേ മാതൃകയിൽ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകളുടെ പ്രദർശന മേള സംഘടിപ്പിക്കാനും ജില്ലാ മിഷനിൽ നിന്ന് നിർദ്ദേശം നൽകി. കൂടാതെ സിഡിഎസ് തലത്തിൽ പ്രചരണ ജാഥകളും സംഘടിപ്പിച്ചു. ഇതിനൊപ്പം തന്നെ യൂണിറ്റ് അംഗങ്ങൾ കടകളിലും വീടുകളിലും മറ്റും നേരിട്ടെത്തി ബോധവത്ക്കരണ പ്രവർത്തനങ്ങളും ഉത്പന്നങ്ങളുടെ പരിചയപ്പെടുത്തലും നടത്തി.

കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് തുണിസഞ്ചികൾ വാങ്ങാമെന്ന് സൂചിപ്പിച്ച് ജില്ലാ കളക്ടർ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും കത്ത് നൽകുകയും ചെയ്തു.

**നിലവിലുള്ള അവസ്ഥ**

118 യൂണിറ്റുകൾക്ക് സ്ഥിരമായി ഇപ്പോൾ തുണിസഞ്ചികൾക്കും മറ്റുമുള്ള ഓഡർ ലഭിക്കുന്നു. സ്ഥിരമായി എല്ലാ യൂണിറ്റുകളുടെയും വിറ്റുവരവ് രേഖപ്പെടുത്തുന്നു. കളക്ടറുടെ ഭാഗത്ത് നിന്നും സ്ഥിരമായി മോണിറ്ററിങ് നടത്തുന്നു.

ദിവസേന 16,000ത്തോളം സഞ്ചികൾ ഉത്പാദിപ്പിക്കാനുള്ള കഴിവാണ് എല്ലാ യൂണിറ്റു

കൾക്കും ചേർത്തുള്ളത്. ജനുവരി മാസം 11ാം തിയതി വരെ എല്ലാ യൂണിറ്റുകൾക്കുമായി 2.5 ലക്ഷം രൂപയും ജനുവരി 12 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ 2.4 ലക്ഷം രൂപയും 19 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ 2.4 ലക്ഷം രൂപയും 26 മുതൽ ഫെബ്രുവരി 1 വരെയുള്ള ദിവസങ്ങളിൽ 2.5 ലക്ഷം രൂപയും യൂണിറ്റുകൾക്ക് വിറ്റുവരവായി ലഭിച്ചു കഴിഞ്ഞു.

**ഭാവി**

എല്ലാ യൂണിറ്റുകൾക്കും സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ജില്ലാ തലത്തിൽ തുണിസഞ്ചി യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ച് തുണിയും മറ്റും ഒരുമിച്ച് വാങ്ങാനും കൂടുതൽ വിപണി കണ്ടെത്താനുമുള്ള ശ്രമങ്ങൾ നടത്തണം.

മുടക്കുഴ സിഡിഎസ് എല്ലാ കുടുംബശ്രീ അംഗങ്ങളുടെയും വീടുകളിലേക്കും തുണിസഞ്ചി എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ഇതേ മാതൃക ജില്ലയിലെങ്ങും വ്യാപിപ്പിക്കാൻ ശ്രമിക്കുന്നു.